(ബി) അർഹതയില്ലാത്ത ആരേയും പോലീസ് കോൺസ്റ്റബിളായി നിയമിച്ചിട്ടില്ല.

(സി, ഡി) ഇപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ അയച്ചു തരുന്ന ലിസ്റ്റിൽ നിന്നുമാണ് പോലീസ് കോൺസ്റ്റബിളുമാരെ തിരഞ്ഞെടുക്കുന്നത്. ഈ സമ്പ്രദായം ഇപ്പോൾ മാറ്റാൻ ഉദ്ദേശമില്ല.

പോലീസുകാരുടെ സ്ഥലം മാറ്റം

840 [1276] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

പോലീസ് ഉദ്യോഗസ്ഥൻമാർ ഒരു സ്റ്റേഷനിൽ ഒരു വർഷത്തിൽ കൂടുതൽ ജോലി നോക്കാതിരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

അപ്രകാരം ഒരു തീരുമാനം എടുത്തിട്ടില്ല.

പോലീസ് ഉദ്യോഗസ്ഥൻമാർ കൈക്കൂലി വാങ്ങുന്നതായി പരാതി

841 [1277] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

പോലീസ് ഉദ്യോഗസ്ഥൻമാർ കൈക്കൂലി വാങ്ങുന്ന വിവരം തെളിവുസഹിതം ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്തിയാൽ പ്രസ്തുത ഉദ്യോഗസ്ഥൻമാർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുമോ?

ഉത്തരം

സ്വീകരിക്കും.

ഫൈൻ ആർട്സ് കോളേജിലെ വിദ്യാർത്ഥികളുടെ അറസ്റ്റ്

842 [1278] ശ്രീ. എസ്. തങ്കപ്പൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജിലെ ഏതാനും വിദ്യാർത്ഥികളെ ഇക്കഴിഞ്ഞ ജനുവരി 25-ാം തീയതി പോലീസ് അറസ്റ്റു ചെയ്യുകയുണ്ടായോ;

(ബി) എങ്കിൽ അറസ്റ്റിനുള്ള കാരണം എന്തായിരുന്നു?

ഉത്തരം

(എ) അറസ്റ്റു ചെയ്യുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly